# പരമാത്മാമിലനമേളയുടെ സമ്മാനം- കിരീടവും സിംഹാസനവും തിലകവും

ഇന്ന് പരിധിയില്ലാത്ത ബാബ പരിധിയില്ലാതെ എല്ലാ കുട്ടികളെയും കാണുകയാണ്. പരിധിയില്ലാത്ത ബാബയാണ്, താങ്കളുമെല്ലാവരും പരിധിയില്ലാത്ത അധികാരിയിൽ നിന്ന് ബാലകൻ ആണ്. ബാപ്ദാദ എല്ലാ സ്നേഹി സഹയോഗി കുട്ടികളെയും കണ്ട് ഹർഷിതമാകുകയാണ്, കുട്ടികൾ ബാബയെ കണ്ട് ഹർഷിതമാകുകയാണ്. ബാബയ്ക്കാണോ കൂടുതൽ സന്തോഷം അതോ കുട്ടികൾക്കാണോ എന്തു പറയുന്നു? രണ്ടു പേർക്കും! ഇതിനെയാണ് പറയുന്നത് പരമാത്മാമിലനമേള. മേളകൾ ധാരാളമുണ്ട്. എന്നാൽ പരമാത്മാമിലനമേള ഒരു സംഗമയുഗത്തിൽ മാത്രമാണ് നടക്കുന്നത്. മുഴുവൻ കൽപത്തിൽ നടക്കുക സാധ്യമല്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു, ഇനി നടക്കും. താങ്കളേവർക്കും മേള നല്ലതായി തോന്നുന്നില്ലേ! ബാപ്ദാദ കുട്ടികളുടെ ഭാഗ്യം കണ്ട് ഹർഷിതനാകുകയാണ്. ഹൃദയത്തിൽ പാട്ടു പാടുകയാണ്- ആഹാ കുട്ടികളേ ആഹാ! ഏതു ഭാഗ്യം സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ലയോ, സങ്കൽപത്തിൽ പോലും ഉണ്ടായിരുന്നില്ലയോ ഇപ്പോൾ സാകാരത്തിൽ ശ്രേഷ്ഠഭാഗ്യം അനുഭവം ചെയ്യുകയാണ്. ഓരോരുത്തരുടെയും മസ്തകത്തിൽ ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖ തിളങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളല്ലേ! തന്റെ ഈ ശ്രേഷ്ഠഭാഗ്യം സ്മൃതിയിലുണ്ടല്ലോ! എന്തുകൊണ്ട് ശ്രേഷ്ഠ ഭാഗ്യമാണ്? എന്തെന്നാൽ ഭാഗ്യവിധാതാവിലൂടെ താങ്കൾ ഭാഗ്യവാൻ ആത്മാക്കൾക്ക് ദിവ്യബ്രാഹ്മണജന്മം ഉണ്ടായിരിക്കുന്നു. ബാബയെക്കൂടി ഭാഗ്യവിധാതാവെന്നു പറയുന്നു, ബ്രഹ്മാവിനെയും ഭാഗ്യവിധാതാവെന്നു പറയുന്നു. താങ്കളേവരുടെയും ജന്മം ബാപ്ദാദയിലൂടെ ഉണ്ടായിരിക്കുന്നു. അപ്പോൾ ആരുടെ അച്ഛൻ സ്വയം ഭാഗ്യവിധാതാവാണോ അവരുടെ ഭാഗ്യം എത്ര ശ്രേഷ്ഠമായിരിക്കും! പരമാത്മമിലനം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ! (ഡബിൾ വിദേശികളോട്) ഇവരും ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. പരിധായില്ലാത്ത മേളയിൽ അഥവാ ഡബിൾ വിദേശി ഇല്ലായിരുന്നുവെങ്കിൽ പരിധിയില്ലാത്തതെന്നു പറയുകയില്ല. അപ്പോൾ താങ്കളേവരുടെയും വിശേഷ പാർട്ടാണ്, അത് ബാബയും സർവ കുട്ടികളും കണ്ടു കണ്ട് സന്തോഷിക്കുന്നു. ഭാഗ്യവിധാതാവിലൂടെ ജന്മമുണ്ടാകുക- ഇത് ഏറ്റവും നമ്പർവൺ ഭാഗ്യമാണ്. ഒപ്പമൊപ്പം മുഴുവൻ കൽപത്തിൽ ഏതൊരു ജന്മത്തിലും ഒരേയൊരു പരമാത്മാവ് അച്ഛനുമായി, അധ്യാപകനുമായി, സത്ഗുരുവുമായി, സർവ സംബന്ധവും നിറവേറ്റി- ഇങ്ങനെ സത്യയുഗം മുതൽ കലിയുഗം വരെ ആർക്കാണ് ഭാഗ്യം ലഭിച്ചിട്ടുള്ളത്? ഇപ്പോൾ താങ്കൾക്കു ലഭിച്ചിരിക്കുന്നു. ഇപ്പോൾ താങ്കൾ നിശ്ചയത്തോടെയും ലഹരിയോടെയും പറയുന്നു നമ്മുടെ പാലനകർത്താവ് പരമാത്മാവാണ്. ലോകർ പറയാൻ വേണ്ടി പറയുന്നു പരമാത്മാവു തന്നെയാണ് പാലിക്കുന്നത്, എന്നാൽ താങ്കൾ പ്രാക്ടിക്കൽ അനുഭവത്തോടെ പറയുന്നു പരമാത്മാവ് ബാബയാണ്, ആ ബാബ തന്നെയാണ് പാലിക്കുന്നയാൾ, പാലിച്ചുകൊണ്ടുമിരിക്കുന്നു. ലഹരിയില്ലേ അതോ അൽപാൽപം മറക്കുന്നുണ്ടോ? പോകെപ്പോകെ തന്റെ ശ്രേഷ്ഠ ഭാഗ്യത്തെ സാധാരണമെന്നു മനസിലാക്കുന്നു, ശ്രേഷ്ഠം എന്നാൽ മനസിലാക്കുന്നത് സാധാരണമായി. അതിനാൽ ഏതു ലഹരിയുടെയും സന്തോഷത്തിന്റെയും തിളക്കം സദാ ഉണ്ടാകണമോ അത് ഉണ്ടാകുന്നില്ല.ഒരു സെക്കന്റു പോലും മറക്കാനാവില്ല, എന്നാൽ സാധാരണമെന്നു കരുതുന്നു ബാബയെ ലഭിച്ചു, എന്റേതായി, ഞാനും ബാബയുടേതായി.... എന്റേതാണെങ്കിൽ ലഹരിയുണ്ടാവണമല്ലോ? എന്നാൽ ഇടയ്ക്ക് ഉയർന്നിട്ടാണെങ്കിൽ ഇടയ്ക്ക് മധ്യമം, ഇടയ്ക്ക് സാധാരണമാകുന്നു. ചിന്തിക്കൂ ഞങ്ങളുടെ ബാബ പരമ ആത്മാവാണ്! പിന്നെ അധ്യാപകൻ നേരിട്ട് പരമാത്മാവാണ്! എന്തു ശിക്ഷണം നൽകി? താങ്കളെ എന്താക്കി മാറ്റി? ത്രിനേത്രി, ത്രികാലദർശി, ത്രിലോകീനാഥൻ. ഇങ്ങനെയൊരു പഠിപ്പു പഠിപ്പിക്കുന്നു! ഇതു വരെ കേട്ടിട്ടുണ്ടോ ഇങ്ങനെയൊരു ഡിഗ്രി? ജഡ്ജ്, ബാരിസ്റ്റർ, ഡോക്ടർ, എഞ്ചിനീയർ ഈ ഡിഗ്രികളെല്ലാം കണ്ടിട്ടുണ്ട്. എന്നാൽ ത്രിലോകീനാഥൻ, ത്രികാലദർശി, ത്രിനേത്രി, നോളജ്ഫുൾ.... ഇങ്ങനെയുള്ള ഡിഗ്രി കണ്ടിട്ടുണ്ടോ? ദ്വാപരം മുതൽ കലിയുഗം വരെ ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടോ? താങ്കൾക്കു ലഭിച്ചിരുന്നുവോ? താങ്കളാണെങ്കിലും 63 ജന്മമെടുത്തിരിക്കുന്നു. അപ്പോൾ ആർക്കും ലഭിച്ചിട്ടില്ല, ഇനി ലഭിക്കാനുമില്ല, ഇങ്ങനെയുള്ള ശിക്ഷകനാണ് നമ്മുടേത്. ശാസ്ത്രജ്ഞർ ശാസ്ത്രത്തിന്റെ എത്ര തന്നെ പദ്ധതികളുണ്ടാക്കിയാലും ത്രിലോകം വരെയും എത്താനാവില്ല. മൂന്നു ലോകങ്ങളുടെയും ജ്ഞാനം പ്രാപ്തമാകുക സാധ്യമല്ല. താങ്കളിലാണെങ്കിൽ 5 വർഷത്തെ കുട്ടിയും മൂന്നു ലോകത്തിന്റെ ജ്ഞാനം നൽകുന്നു! അതും ഉടനെ പറയും- ആഹാ, സൂക്ഷ്മവതനമാണ്, മൂലവതനമാണ്. അപ്പോൾ പരമാത്മാവ് അധ്യാപകനുമാണ്. ശ്രേഷ്ഠശിക്ഷണത്തിലൂടെ ഈ ഡിഗ്രി പ്രാപ്തമാക്കിച്ചു. എന്നാൽ ലോകത്ത് ഏറ്റവും വലുതിലും വലിയ പദവി രാജ്യപദവിയാകുന്നു. അപ്പോൾ പഠിപ്പിലൂടെ പദവിയും ലഭിക്കുന്നുവല്ലോ! അപ്പോൾ താങ്കളെ രാജാവാക്കിയല്ലോ? ഇപ്പോൾ രാജാവാണോ അതോ ആകാനുണ്ടോ? രാജാവാണ്, ഇരിക്കുന്നത് നിലത്തും!

പക്കാ കെട്ടിടം കൂടിയില്ല. ടെന്റിൽ ഇരിക്കുന്നു! അപ്പോൾ നോക്കൂ ശ്രേഷ്ഠത്തിലും ശ്രേഷ്ഠപദവി രാജ്യ പദവിയാണ്. ഇപ്പോഴും സ്വരാജ്യഅധികാരിയാണ്, ഭാവിയിലും വിശ്വരാജ്യഅധികാരി ആകുക തന്നെ വേണം. ഇതു പക്കയല്ലേ? ആർക്ക് രാജ്യം ഭരിക്കണം? താങ്കൾ രാജ്യം ഭരിക്കുമോ താങ്കൾക്കു മേൽ ആരെങ്കിലും രാജാവ് രാജ്യം ഭരിക്കുമോ? ഇല്ല. ഈ എല്ലാവരും ഇത്രയും പേർ രാജാവാകും! ഇത്രയും എല്ലാവരും രാജ്യം ഭരിക്കും! പ്രജയും തയ്യാറായോ അതോ അവനവനിൽ തന്നെ രാജ്യം ഭരിക്കുമോ? അപ്പോൾ സ്വന്തം ഭാഗ്യം നോക്കൂ- പരമാത്മാവ് എന്റെ അധ്യാപകനാണ്. രാജ്യപദവി നൽകുന്നയാൾ. പിന്നെ സത്ഗുരുവായി, ഗുരു എന്താണ് ചെയ്യുക? മന്ത്രം നൽകുകയല്ലേ. അപ്പോൾ സത്ഗുരു എന്തു എന്തു മന്ത്രം നൽകി? മൻമനാഭവ. സത്ഗുരുവിലൂടെ മഹാമന്ത്രവും ലഭിച്ചു, സർവ വരദാനവും ലഭിച്ചു. എത്ര വരദാനം ലഭിച്ചു,  വരദാനങ്ങളുടെ ലിസ്റ്റ് നോക്കൂ എത്ര നീണ്ടതാണ്! പതിവായി വരദാനം ലഭിക്കുന്നില്ലേ! എത്ര സമയമായി ലഭിക്കുന്നു! ഇത്രയും വരദാനം ഒരു അനുയായിക്കും ഒരു ഗുരുവും നൽകുകയില്ല. ഇങ്ങനെ എന്നും വരദാനം നൽകുന്ന സത്ഗുരുവിനെ കണ്ടിട്ടുണ്ടോ? ഇപ്പോൾ ലഹരിയില്ലേ! (അതെ) വളരെ നല്ലത്. സദാ വെക്കുക. ഇങ്ങനെയല്ല ഇവിടെ നിന്ന് ബസിൽ പോകുമ്പോഴേക്കും ലഹരി ഇറങ്ങാൻ ആരംഭിച്ചു. സദാ വർധിച്ചുകൊണ്ടിരിക്കട്ടെ.

ബാപ്ദാദ എല്ലാ കുട്ടികൾക്കും ഓരോ വിഷയത്തിലും നമ്പർവൺ ആയി കാണാനാഗ്രഹിക്കുന്നു. അപ്പോൾ നമ്പർവൺ ആയോ അതോ ഇനി ആകണമോ? ലഹരിയോടെ പറയൂ ഞാനല്ലെങ്കിൽ മറ്റാര്? വിദേശികൾക്ക് ഡബിൾലഹരിയില്ലേ! നല്ലത്. ബാബയും സന്തോഷിക്കുന്നു എന്റെ ഓരോരോ കുട്ടിയും രാജാകുട്ടിയാണ്. പ്രജയല്ല. പ്രജ പുറകെ വരാൻ പോകുന്നവരാണ്. താങ്കൾ പിന്നെയും ഭാഗ്യശാലികളാണ്, ഇത്രയെങ്കിലും മിലനത്തിന് അവസരം ലഭിച്ചല്ലോ. ട്രെയിനിൽ കഴിയേണ്ടി വന്നപ്പോൾ എന്തു സംഭവിച്ചു. മണ്ണിൽ അല്ലല്ലോ ഉറങ്ങുന്നത്, തറയിൽ അല്ലേ കിടക്കുന്നത്? ബ്രഹ്മാഭോജനം നല്ലത് ലഭിക്കുന്നില്ലേ? മണ്ണുള്ളത് അല്ലല്ലോ ലഭിക്കുന്നത്. സ്നേഹത്തോടെ കഴിക്കുകയല്ലേ? കുറച്ചേറെ ഉണ്ടാകുന്നു , സംഭവിക്കുക തന്നെ വേണമല്ലോ. എന്തുകൊണ്ട്? മായയുടെയും പ്രഭുവിന്റെയും കളി ഒപ്പമൊപ്പം നടക്കുന്നു. പരമാത്മാവിനൊപ്പം മേള നടക്കുന്നുവെങ്കിൽ മായയും തീർച്ചയായും കുഴപ്പമുണ്ടാക്കുന്നു. താങ്കളുടെ ജോലിയാണ് മേള നടത്തുക, അതിന്റെ ജോലിയാണ് കുഴപ്പമുണ്ടാക്കുക. അപ്പോൾ കുഴപ്പവുമുണ്ടായി, മേളയുമുണ്ടായി. (ആരോ പറഞ്ഞു കൊടുങ്കാറ്റ്) സാരമില്ല, താങ്കളുടെ പുരുഷാർഥത്തിന്റെ കൊടുങ്കാറ്റാണ്, ഇത് വായുവിന്റെ കൊടുങ്കാറ്റാണ്. പരിഭ്രമിക്കുന്നില്ലല്ലോ ഇതെന്താ സംഭവിച്ചത്? ഇല്ല, കൊടുങ്കാറ്റ് വന്നുവോ മഴ വന്നുവോ, എത്ര തന്നെ ഇളക്കമോ എന്നാൽ താങ്കളുടെ മനസ് അചഞ്ചലമല്ലേ? മാതാക്കൾ പരിഭ്രമിച്ചില്ലല്ലോ, ടെന്റ് പറന്നുപോയി, എന്തു ചെയ്യും? കുറേശ്ശെ പരിഭ്രമിക്കുക, എന്താകും, ആരോഗ്യം ശരിയാകുമോ ഇല്ലയോ? എന്തു തന്നെയായലും ഭക്തിയെക്കാൾ പ്രശ്നങ്ങളും പരിശ്രമവും കുറവല്ലേ? ഭക്തിയുടെ അലച്ചിലില്ലല്ലോ ആനന്ദത്തിൽ കഴിയുകയല്ലേ! അപ്പോൾ ഈ മേള നല്ലതായി തോന്നിയോ പ്രശ്നം കണ്ട് പരിഭ്രമിച്ചുവോ? ഇല്ല, ആരും പരിഭ്രമിച്ചില്ലല്ലോ? രസം വരുന്നില്ലേ? ഇനിയും രണ്ടു ദിവസം വെക്കട്ടെ? നല്ലത്, ബാപ്ദാദയും മായയുടെ കുഴപ്പങ്ങൾ കണ്ട് ചുറ്റിക്കറങ്ങുകയാണ്. കളി കാണുന്നു- കുട്ടികൾ എന്തു ചെയ്യുന്നു, മായ എന്തു ചെയ്യുന്നു?
ബാപ്ദാദയ്ക്ക് കുട്ടികളുടെ സ്നേഹം കണ്ട് സന്തോഷമാണ്. സ്നേഹം മേള രചിച്ചതാണ്. ബാബയ്ക്കും സ്നേഹമാണ്, കുട്ടികൾക്കും സ്നേഹമാണ്, രണ്ടും ഒന്നിച്ചാൽ എന്താകും? മേള. ദൃശ്യവും എത്ര നല്ലതായി തോന്നുന്നു. ഇങ്ങനെ എപ്പോഴെങ്കിലും ചിന്തിച്ചിരുന്നോ? ഇത്രയും വലിയ കുടുംബം ലഭിക്കും, ഇത്രയും കുടുംബം ആർക്കുണ്ടാകും? താങ്കൾക്ക് വീട് എത്രയാണ്? (ഒന്ന്) താങ്കൾക്ക് സേവാസ്ഥാനം എത്രയാണ്? (അനേകം) അപ്പോൾ അവയെയും ബാബയുടെ വീട് എന്നു പറയുമല്ലോ! അപ്പോൾ ബാബയുടെ വീട് താങ്കളുടെയും വീടാണ്. ലോകം പറയുന്നു വീടും കുടുംബവും ഉപേക്ഷിപ്പിക്കുന്നു, താങ്കൾ എത്ര വീട് ഉണ്ടാക്കി! എണ്ണാൻ സാധിക്കുകയില്ല, ഓർമിക്കേണ്ടതായി വരുന്നു. അപ്പോൾ ഇതുപേക്ഷിക്കാനുള്ളതല്ല, ഉണ്ടാക്കണം. മറ്റു കുടുംബങ്ങൾ ഉപേക്ഷിക്കുകയാണോ കുടുംബം ഇത്രയും വലുതാക്കുകയാണോ കൂടിക്കാഴ്ച തന്നെ പ്രയാസമായ വിധം അത്രയും വലുത്. മുഴുവൻ ബ്രഹ്മണരും എത്ര തന്നെ എവിടെയായാലും ഒരു സ്ഥാനത്ത് കൂടിക്കാഴ്ച നടത്താനാവുമോ? പ്രയാസമല്ലേ, എന്തെന്നാൽ മറ്റുള്ളവരുടെ രാജ്യമല്ലേ, സ്വന്തം രാജ്യമല്ല. എന്നാൽ ബാബയെ ലഭിച്ചു, പരിധിയില്ലാത്ത പരിവാരം ലഭിച്ചു. അപ്പോൾ പരിധിയില്ലാത്തത് ഓർമിക്കുന്നതിലൂടെ പരിധിയില്ലാത്ത സന്തോഷം, പരിധിയില്ലാത്ത ലഹരി ഉണ്ടാകും. അഥവാ പരിധിയിൽ എന്നു വിചാരിക്കുകയാണെങ്കിൽ- ഞാൻ ഇന്ന രാജ്യത്തെയാണ്, ഇന്ന ദേശത്താണ്, ഇന്ന സോണിലെയാണ്, അപ്പോൾ പരിധിയുണ്ടാകുന്നു എന്നാൽ ഇത് നിമിത്ത മാത്ര ലക്ഷണത്തിനായി പറയുന്നു- ഇവർ ഇന്ന സോൺ, ഇവർ ഇന്ന സ്ഥലം- ബാക്കി സ്വയത്തെ പരിധിയില്ലാത്തതെന്നു മനസിലാക്കുന്നില്ലേ. നിയമവും വെക്കേണ്ടതായി വരുന്നു. പലരും ഇങ്ങനെയും ചിന്തിക്കുന്നു- ഈ ബാഡ്ജ് ധരിക്കുമ്പോഴേ ഭക്ഷണം ലഭിക്കൂ. താങ്കളെ ഭക്ഷണത്തിന് ബുദ്ധിമുട്ടിക്കുന്നല്ലേ, എന്നാൽ ഇതും ചെയ്യേ

ണ്ടതായി വരുന്നു എന്തെന്നാൽ നിയമത്തിലാണ് പ്രയോജനം. ഇത് ബന്ധനമല്ല എന്നാൽ വിഘ്നങ്ങളിൽ നിന്ന് നിർബന്ധനരാക്കുവാനുള്ള സാധനമാണ്. ഇതെന്താ പുതിയ കാര്യം കൊണ്ടുവന്നത്. ഇങ്ങനെ വിചാരിക്കരുത്. സങ്കൽപം ബാബയുടെ അടുക്കൽ എത്തിച്ചേരുമല്ലോ. എന്നാൽ താങ്കൾ തന്നെയാണല്ലോ മര്യാദാപുരുഷോത്തമർ. അതോ കേവലം വലിയ ദാദിമാർ മര്യാദാപുരുഷോത്തമരും താങ്കൾ അതിൽ ഫ്രീയുമാണോ? മര്യാദാപുരുഷോത്തമർ എന്നാൽ മര്യാദയ്ക്കുള്ളിൽ കഴിയുന്നവർ, നടക്കുന്നവർ. ശരി പ്രഭു എന്ന പാഠം പക്കയല്ലേ, ശരി. മറ്റന്തെങ്കിലും കാര്യം വരുമ്പോൾ ശരി എന്നോ അതോ ഇല്ല എന്നും പറയാറുണ്ടോ.? ആരെങ്കിലും ഇങ്ങനെ എന്തെങ്കിലും കാര്യം ചെയ്യുമ്പോൾ ശരി എന്നതിനു പകരം ഇല്ല എന്നതിൽ ഇത്രയും പക്കയാകുന്നു ബാബ പറഞ്ഞാൽ പോലും കേൾക്കില്ല എന്ന വിധത്തിൽ. സ്ഥാപനയിൽ കൊച്ചു കൊച്ചു കുട്ടികൾ വന്നിരുന്നപ്പോൾ ബാപ്ദാദ അവരെ പാഠം പക്കയാക്കിക്കുന്നതിനായി എല്ലായ്പോഴും പറയുമായിരുന്നു ഇല്ല എന്നു പറയുന്നവർ നാസ്തികർ, ശരി പറയുന്നവർ ആസ്തികർ. അപ്പോൾ താങ്കളേവരും ആരാണ്? ആസ്തികരാണ്. നാസ്തികരല്ലല്ലോ! ഇടയ്ക്കിടെ ആകുന്നു. കളിക്കുകയാണ്! മായയുടെയും നോളജ്ഫുൾ ആയിരിക്കുന്നു! എന്തെന്നാൽ മായയും നോളജ്ഫുൾ ആണ്. വീഴ്ത്തുന്നതിൽ മായ നോളജ്ഫുൾ ആണ്. പറക്കുന്നതിൽ താങ്കൾ നോളജ്ഫുൾ ആണ്. മായയും നോക്കുകയാണ് ഇവരുടെ ചിറക് അൽപം മേലെ കീവെ ആയി എങ്കിൽ നോക്കി യുദ്ധം ചെയ്യുന്നു. താങ്കൾ നോളജ്ഫുൾ ആയതിനാൽ അറിയുന്നു, എങ്കിൽ തോൽക്കുന്നില്ല, പകരം വിജയത്തിന്റെ മാല കഴുത്തിലായി. എല്ലാവരുടെ കഴുത്തിലും വിജയത്തിന്റെ മാലയുണ്ടോ അതോ ഇടയ്ക്കിടെ ഇറങ്ങിപ്പോകുന്നുണ്ടോ? ശരി.

പിറകിലുള്ളവർ ആനന്ദത്തിലാണോ? ഇതും മധുബന്റെ ഏരിയയല്ലേ, അപ്പോൾ മധുബനിലല്ലാതെ മറ്റെവിടെ ഇത്രയും മേള ഉണ്ടാകും? ഉണ്ടാകുക സാധ്യമല്ലല്ലോ? അപ്പോൾ മധുബൻ പരിധിയില്ലാത്ത വീടാണ്. ഇവിടെ എല്ലാം പരിധിയില്ലാത്തതാണ്. മറ്റു സ്ഥലങ്ങളിൽ പിന്നെയും എല്ലാം കാണേണ്ടി വരും. ഇവിടെ സങ്കൽപം ചെയ്തു, നടന്നു. അപ്പോൾ എല്ലാവരും തന്റെ ഭാഗ്യത്തിലൂടെ പരമാത്മമേളയിൽ എത്തിച്ചേർന്നു. ഈ കൽപത്തിൽ ആദ്യ തവണ വന്നവർ കൈ ഉയർത്തൂ. (13000 –14000നടുത്ത് സഹോദരീസഹോദരന്മാരുടെ സഭയാണ്, അതിൽ വളരെ പുതിയ സഹോദരീസഹോദരന്മാരുണ്ട്.) നല്ലത്, ടിവിയിൽ കാണുകയാണ്. ഇതും നോക്കൂ ഭൂരിഭാഗം സയൻസിൻരെ സാധനങ്ങളും ഇപ്പോഴിപ്പോൾ പുറത്തിറങ്ങിയവയാണ്. കുറച്ചു വർഷങ്ങൾക്കു മുമ്പും ഈ സയൻസിന്റെ സാധനങ്ങളും ഇല്ലായിരുന്നു. എന്നാൽ ആർക്കു വേണ്ടിയാണ് വന്നത്? താങ്കൾക്കു വേണ്ടി. ബാപ്ദാദയും ശാസ്ത്രകാരന്മാരായ കുട്ടികൾക്ക് ആശംസയേകുന്നു. എന്തെന്നാൽ ബാബയുടെ മക്കൾ അതിൽ നിന്നും സുഖമെടുക്കുന്നുവല്ലോ. അപ്പോൾ എത്ര നല്ലതായി തോന്നുന്നു. എന്നാൽ ബാപ്ദാദ ഇപ്പോൾ എന്താഗ്രഹിക്കുന്നു? സ്ഥാപനയുണ്ടായി എത്ര വർഷമായി? ഡയമണ്ട് ജൂബിലി ആഘോഷിക്കുന്നതിന് തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ ബാപ്ദാദ ഇപ്പോൾ എല്ലാ കുട്ടികളെയും രാജാ കുട്ടികളെന്നു വിളിച്ചില്ലേ, എല്ലാവരും രാജാവല്ലേ. രാജാവ് സിംഹാസനധാരിയായിരിക്കുമല്ലോ? രാജാവിന്റെ ലക്ഷണം കിരീടവും സിംഹാസനവും തിലകവും ആയിരിക്കും. അപ്പോൾ ബാപ്ദാദ ഈ വർഷം പുതിയവരാകട്ടെ പഴയവരാകട്ടെ– പുതിയവരാണെങ്കിലും സമാപ്തിയുടെ സമയം പുതിയവർക്കും സമീപത്താണ്. ഇങ്ങനെ കരുതരുത് ഞങ്ങൾക്കും 60 വർഷം ചിലപ്പോൾ കിട്ടും. ഇല്ല, താങ്കൾക്ക് മേക്കപ്പ് ചെയ്യണം. അഥവാ അവസാനം വന്നതെങ്കിൽ വേഗം പോകണം. എന്നാൽ സമ്പന്നമാകുന്നതിന് സമാപ്തിയുടെ സമയം ഏവർക്കും ഒന്നാണ്, അതിനാൽ പഴയവരാകട്ടെ പുതിയവരാകട്ടെ എന്നാൽ ഞാൻ സ്വരാജ്യഅധികാരി ആത്മാവാണ്. – സദാ സ്മൃതിയുടെ തിലകം അണിഞ്ഞിരിക്കുക തന്നെയാണ്. ഇടയ്ക്ക് വിട്ടുപോയി, ഇടയ്ക്ക് അണിഞ്ഞിരിക്കുന്നു.... ഇല്ല രാജ്യഅധികാരി അർഥം തിലകധാരി. –ഈ സ്മൃതിയുടെ തിലകം അവിനാശിയാകണം. സാധാരണമല്ല, ഞാൻ തിലകധാരിയാണ്, ഞാൻ വിശ്വമംഗളത്തിന്റെ ഉത്തരവാദിത്തത്തിന്റെ കിരീടധാരിയാണ്. എത്ര വലിയ വിശ്വമാണ്, താങ്കളെല്ലാവരും വിശ്വമംഗളകാരിയാണ്. ഒറ്റയ്ക്ക് ബാബയല്ല. ബാബയ്ക്കൊപ്പം താങ്കളെല്ലാവരുമാണ്. അപ്പോൾ വിശ്വമംഗളത്തിന്റെ ഉത്തരവാദിത്തത്തിന്റെ കിരീടധാരിയും സദാ ബാബയുടെ ഹൃദയസിംഹാസനധാരിയും. താഴേക്ക് വരരുത്. സദാ സിംഹാസനധാരി. വളരെ പ്രിയപ്പെട്ടവരാകുമ്പോൾ ഓമന മക്കളാകുമ്പോഴും നോക്കിയാൽ അച്ഛനമ്മമാർ അവരെ മണ്ണിൽ വിടുകയില്ല, ഭൂമിയിൽ പാദം വെക്കാൻ വിടുകയില്ല. അപ്പോൾ താങ്കൾ എത്ര ഓമനകളാണ്! ഓമനയോ ഇനി വരാൻ പോകുന്നവരോ? താങ്കൾ ആണ്. അപ്പോൾ സിംഹാസനം വിട്ട് സാധാരണ സ്വരൂപം, സാധാരണ സങ്കൽപം... ഈ മണ്ണിൽ അഥവാ ഭൂമിയിൽ പാദം വെക്കാതിരിക്കൂ. ബുദ്ധി രൂപീ പാദം സദാ സിംഹാസനധാരിയാകണം. പരമാത്മാപിതാവിന്റെ മക്കളാണ്. മഹാത്മാവിന്റെയോ ധർമാത്മാവിൻരെയോ അല്ല, പരമാത്മാവിന്റേതാണ്. ഇപ്പോൾ എല്ലാവരും ലഹരിയിൽ ആണ്, അത് കാണപ്പെടുന്നുണ്ട്. എന്നാൽ സദാ ഉണ്ടാകുകയില്ലേ? അതോ അൽപാൽപം ഉണ്ടാകും, പിന്നെ യുദ്ധം ചെയ്യും, പിന്നെ വിജയം പ്രാപ്തമാക്കും, ഇങ്ങനെയല്ലല്ലോ? ബ്രാഹ്മണരോ ക്ഷത്രിയരോ? ബ്രാഹ്മണരാണ്, ക്ഷത്രിയരല്ലല്ലോ, യുദ്ധം ചെയ്യുന്നില്ലല്ലോ? അതോ ഇടയ്ക്ക് ബ്രാഹ്മണനാകുന്നു, ഇടയ്ക്ക്

ക്ഷത്രിയനാകുന്നുവോ? അഥവാ മായയോട് യുദ്ധം ചെയ്യേണ്ടി വരുന്നുവെങ്കിൽ ക്ഷത്രിയനായി. ബ്രാഹ്മണനെന്നാൽ വിജയി, ക്ഷത്രിയനെന്നാൽ യുദ്ധം ചെയ്യുന്നവർ. ബാപ്ദാദയ്ക്ക് ഇടയ്ക്കിടെ കുട്ടികളോട് വളരെ ദയ തോന്നുന്നു. ഇരിക്കുന്നത് യോഗത്തിന് ചെയ്യുന്നത് യുദ്ധം! പറയും ഒരു മണിക്കൂർ യോഗം വെച്ചു. എന്നാൽ ഒരു മണിക്കൂറിൽ എത്ര നേരം യുദ്ധം നടന്നു, യോഗം എത്ര സമയം ഉണ്ടായി? അഥവാ ഏതെങ്കിലും കാരണത്താൽ അനുഭൂതി ഉണ്ടാകുന്നില്ലെങ്കിൽ അവശ്യം യുദ്ധമൈതാനത്താണ്. ബാപ്ദാദ പറയുന്നു യോഗീകുട്ടികൾ, ആയിത്തീരുന്നത് യോദ്ധാ കുട്ടികൾ! എപ്പോൾ വരേക്കും യുദ്ധം ചെയ്യും? അന്ത്യം വരെയും യുദ്ധം ചെയ്യും! അനുവാദം നൽകാം, യുദ്ധം ചെയ്യണമെങ്കിൽ. അനുവാദം വേണോ? വേണ്ടേ? പിന്നെ ചെയ്യുന്നതെന്തിനാണ്? ദുർബലരാകുന്നുവെങ്കിൽ മായ ഇത്രയും അധീനരാക്കുന്നു, ചെയ്യാനാഗ്രഹിക്കുന്നില്ലെങ്കിലും ചെയ്യുന്നു. ചില ചില ജോലിക്കാർ വളരെ നിഷ്കളങ്കരാകുമ്പോൾ യജമാനൻ അവരെ അധീനരാക്കുന്നതു പോലെ. സെർവന്റിന് ചെയ്യാൻ സാധിക്കാത്ത കാര്യമാണെങ്കിലും യജമാനൻ പറയുന്നു ചെയ്യൂ, ഇല്ലെങ്കിൽ പിന്നെ ജോലിക്കിരിക്കുന്നതെന്തിന്? മായയും ഇങ്ങനെ ചെയ്യുന്നു, താങ്കൾ ആഗ്രഹിക്കുന്നില്ലെങ്കിലും ദുർബലരാകുന്ന കാരണത്താൽ മായയ്ക്ക് അധീനമായിപ്പോകുന്നു. അപ്പോൾ ആ സമയം യോഗിയാണോ യോദ്ധാവാണോ? യോഗി എന്നു പറയുകയില്ലല്ലോ? അപ്പോൾ ബാപ്ദാദ ഇതാണ് ആഗ്രഹിക്കുന്നത്, ഓരോ കുട്ടിയും യോഗീകുട്ടിയാണ്, യുദ്ധം ചെയ്യുന്നവരല്ല. ബാപ്ദാദയ്ക്ക് കുട്ടികളുടെ യുദ്ധത്തിന്റെ പരിശ്രമം നല്ലതായി തോന്നുന്നില്ല. പരമാത്മാകുട്ടികൾ സദാ ആനന്ദത്തിൽ കഴിയുന്നവരാണ്, രസത്തിൽ കഴിയുന്നവരാണ്, യുദ്ധത്തിന്റെ പരിശ്രമം ചെയ്യുന്നവരല്ല. അപ്പോൾ എന്താകും, യോഗീ കുട്ടികളോ യോദ്ധാ കുട്ടികളോ? യോഗിയാകുമോ അതോ കുറേശ്ശെ യുദ്ധം ചെയ്യുന്നത് നല്ലതാണോ? പറയാൻ വേണ്ടി അതെ അതെ എന്നു പറയും, ചെയ്യുമ്പോൾ ആ സമയത്ത് ഫോട്ടോ എടുക്കണം. അപ്പോൾ ഈ വർഷം എല്ലാവരുടെയും ചാർട്ടാണ്– സദാ സ്വരാജ്യഅധികാരി. അധീനത സമാപ്തം. ശരി.

സർവയിടത്തെയും ദേശ വിദേശത്തെ സർവ സൂക്ഷ്മസ്വരൂപത്താൽ ദൃശ്യം കാണുന്ന ആത്മാക്കൾ, നാനാ ഭാഗത്തെയും സദാ ശ്രേഷ്ഠ പാലനയിൽ പാലിക്കപ്പെടുന്ന, ശ്രേഷ്ഠ പഠിപ്പിനാൽ രാജ്യപദവി നേടുന്ന ആത്മാക്കൾ, സത്ഗുരുവിലൂടെ സർവ വരദാനവും പ്രാപ്തമാക്കുന്ന ആത്മാക്കൾ, സദാ മായാജീത്ത് വിജയീരത്നം, സദാ യുദ്ധത്തെ വെടിഞ്ഞ് രാജയോഗീസ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന സർവ ശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണ, നമസ്തേ.

**വരദാനം :– ഏകാന്തതയുടെയും ഏകാഗ്രതയുടെയും ശ്രദ്ധയിലൂടെ തീവ്രഗതിയാൽ സൂക്ഷ്മസേവനം ചെയ്യുന്ന സത്യമായ സേവാധാരിയായി ഭവിക്കൂ.**

ദൂരെയിരുന്നും പരിധിയില്ലാത്ത വിശ്വത്തിലെ ആത്മാക്കളുടെ സേവനം ചെയ്യുന്നതിനായി മനസും ബുദ്ധിയും സദാ ഫ്രീയായിരിക്കണം. ചെറിയ ചെറിയ സാധാരണ കാര്യങ്ങളിൽ മനസിനെയും ബുദ്ധിയെയും ബിസിയാക്കരുത്. തീവ്രഗതിയുടെ സൂക്ഷ്മസേവനത്തിന് ഏകാന്തതയിലും ഏകാഗ്രതയിലും വിശേഷ ശ്രദ്ധ നൽകൂ. തിരക്കിലാകുമ്പോഴും ഇടയ്ക്കിടെ ഒരു മണിക്കൂർ, രണ്ടു മണിക്കൂർ എടുത്ത് ഏകാന്തതയുടെ അനുഭവം ചെയ്യൂ. പുറമെയുള്ള പരിതസ്ഥിതി ഇളക്കത്തിന്റേതാകട്ടെ എന്നാൽ മനസിനെയും ബുദ്ധിയെയും ഏതു സമയത്തു വേണമോ ഒന്നിലേക്ക് സെക്കന്റിൽ ഏകാഗ്രമാക്കൂ അപ്പോൾ സത്യമായ സേവാധാരിയായി പരിധിയില്ലാത്ത സേവനത്തിന് നിമിത്തമാകാൻ സാധിക്കും.

**സ്ലോഗൻ: ജ്ഞാനിതു ആത്മാവ് അവരാണ് ജ്ഞാനത്തിന്റെ ഓരോ രഹസ്യത്തെയും മനസിലാക്കി രഹസ്യയുക്തവും യുക്തിയുക്തവും യോഗയുക്തവുമായി കർമം ചെയ്യുന്നത്.**